**നമ്പർ.UE/AUC/01/2015-16** **യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ കാര്യാലയം**
**കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം**

**തിരുവനന്തപുരം**
**തീയതി. 03.11.2015**

# കേരള യൂണിവേഴ്സിറ്റി
# ലേലപരസ്യം

വൈസ്ചാൻസിലർ, കേരള യൂണിവേഴ്സിറ്റിക്ക് വേണ്ടി യൂണിവേഴ്സിറ്റി എഞ്ചിനീയർ പരസ്യപ്പെടുത്തുന്നത്. കേരളാ യൂണിവേഴ്സിറ്റിയുടെ പാളയത്തുള്ള സെനറ്റ് ഹൗസ് കാമ്പസിൽ പരീക്ഷാ കൺട്രോളറുടെ കെട്ടിടത്തിനു പുറകിലുള്ള ജി.ഐ. ഷീറ്റ് മേൽക്കൂരയുള്ള പരീക്ഷാ വാല്യുവേഷൻ ക്യാമ്പ് കെട്ടിടം പൊളിച്ചു മാറ്റുന്നതിലേക്ക് യൂണിവേഴ്സിറ്റി കാമ്പസിലെ രജിസ്ട്രാറുടെ ഓഫീസിൽ വച്ച് 12.11.2015 പകൽ 11 മണിക്ക് പരസ്യമായും/ മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊണ്ടും ലേലം ചെയ്യുന്നതാണ്.

പരസ്യ ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 11 മണിയ്ക്കകം പാളയം യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ കാര്യാലയത്ത് ഹാജരായി നോട്ടീസിൽ പറഞ്ഞിട്ടുള്ള നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

പരസ്യ ലേലത്തിനു പുറമെ, താൽപ്പര്യമുള്ളവർക്ക് പ്രസ്തുത ലേലത്തിന് മുദ്ര വച്ച ക്വട്ടേഷനുകളും സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകൾ മുദ്രവച്ച കവറുകളിൽ നിരത ദ്രവ്യം ഉൾപ്പെടെ 11.11.2015 വൈകുന്നേരം 4 മണിവരെ **യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ കാര്യാലയത്തിൽ രജിസ്റ്റേഡ് പോസ്റ്റ് അല്ലെങ്കിൽ സ്പീഡ് പോസ്റ്റ്** വഴി മാത്രം സ്വീകരിക്കുന്നതാണ്. **ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ കവറിനു പുറത്ത് പ്രവർത്തിയുടെ പേര്, പ്രേക്ഷിതൻ, സ്വീകർത്താവ്, എന്നിവരുടെ പേരും മേൽവിലാസവും വ്യക്തമായി രേഖപ്പെടുത്തിയിരിക്കും.**

ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്നവരും ദേശസാൽകൃത/ ഷെഡ്യൂൾസ് ബാങ്കുകളിൽ നിന്നും ''**യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ പേരിൽ**'' തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ

എടുത്ത ''**ഡിമാന്റ് ഡ്രാഫ്റ്റ്**'' ആയി വേണം നിരതദ്രവ്യം സമർപ്പിക്കേണ്ടത്. **ക്വട്ടേഷൻ, ലേലം എന്നിവയ്ക്ക് പ്രത്യേകമായി നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്.**

മുദ്രവച്ച ക്വട്ടേഷനുകൾ പരസ്യ ലേലത്തിനു ശേഷം തുറക്കുന്നതാണ്. പരസ്യ ലേലം അല്ലെങ്കിൽ ക്വട്ടേഷൻ ഇവയിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത വ്യക്തിക്ക് താൽക്കാലികമായി ലേലം സ്ഥിരപ്പെടുത്തുന്നതാണ്. ടി.യാൾ രണ്ടു ദിവസത്തിനുള്ളിൽ ലേലത്തുക യൂണിവേഴ്സിറ്റി അക്കൗണ്ടിലും നിയമാനുസരണമുള്ള 14.5% നികുതി കേരള യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ അക്കൗണ്ടിൻ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ആയും സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ മുഴുവൻ തുകയും കെട്ടിവയ്ക്കാത്ത പക്ഷം നിരതദ്രവ്യം യൂണിവേഴ്സിറ്റിയിലേക്ക് മുതൽകൂട്ടുന്നതും പുനർലേലം നടത്തുന്നതുമാണ്.

ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ **സ്പെഷ്യൽ ഡെപ്പോസിറ്റായി ലേലത്തുകയുടെ 5% തുക യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് കെട്ടിവെയ്ക്കേണ്ടതും ഈ ആഫീസിൽ** നിന്നും രേഖാമൂലം അറിയിപ്പു ലഭിച്ചതിനു ശേഷം 14 ദിവസത്തിനകം മറ്റ് കെട്ടിടങ്ങൾക്കോ വസ്തുവകകൾക്കോ യാതൊരു വിധ കേടും സംഭവിക്കാതെ മുഴുവൻ കെട്ടിട ഭാഗങ്ങളും സ്വന്തം ചെലവിൽ തറനിരപ്പിൽ പൊളിച്ചു മാറ്റി നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം സംഭവിക്കുന്ന നഷ്ടം ടി. യാന്റെ സ്പെഷ്യൽ ഡിപ്പോസിറ്റിൽ നിന്നും നിയമാനുസരണം ഈടാക്കുന്നതാണ്. നഷ്ടം സംഭവിക്കാതെ പൊളിച്ചു മാറ്റി നീക്കം ചെയ്തു കഴിഞ്ഞാൽ അന്നുതന്നെ ടി.യാന്റെ നിരതദ്രവ്യവും സ്പെഷ്യൽ ഡിപ്പോസിറ്റും ഉടൻ തന്നെ ടി.യാൻ തിരികെ വാങ്ങി രസിതു വാങ്ങിക്കേണ്ടതുമാണ്.

ലേലം/ ക്വട്ടേഷനിൽ ക്വോട്ട് ചെയ്തിട്ടുള്ള തുക, നിശ്ചിത തുകയിൽ താഴെ ആണെങ്കിൽ യൂണിവേഴ്സിറ്റിയുടെ അനുമതിയോടു കൂടി മാത്രമേ ലേലം സ്ഥിരപ്പെടുത്തുകയുള്ളു. ലേല ദിവസം ഏതെങ്കിലും

കാരണവശാൽ അവധി ആയിരുന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം 11 മണിക്ക് ലേലം നടത്തുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ കാര്യവട്ടം ആഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ ലേല സംബന്ധമായി നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേലത്തെ സംബന്ധിച്ച അന്തിമ തീരുമാനം യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

| ക്രമനമ്പർ | ലേലവസ്തുക്കൾ സംബന്ധിച്ച വിവരണം | ലേല സ്ഥലം | ലേലതീയതി | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | കേരള യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളറുടെ കെട്ടിടത്തിനു പുറകിലുള്ള ജി.ഐ. ഷീറ്റ് മേൽക്കൂരയുള്ള പരീക്ഷാ വാല്യുവേഷൻ ക്യാമ്പ് കെട്ടിടം | യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ കാര്യാലയം | 12.11.2015 | 11400/- |

**യൂണിവേഴ്സിറ്റി എഞ്ചിനീയർ**